**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**
**നാളന്ദ, തിരുവനന്തപുരം 695003**
**ഫോൺ:0471–2316306**

നമ്പർ. ഇ2/1995/2011/സിൽ 03.09.2018

## പുനർ ലേലപരസ്യം

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഴയ കെട്ടിടം പൊളിച്ചു നീക്കുന്നതിന് സെപ്റ്റംബർ 18-ാം തീയതി ഉച്ചയ്ക്ക് 12 മണിക്ക് ഇൻസ്റ്റിറ്റ്യൂട്ട് പരിസരത്ത് വച്ച് പരസ്യമായി പുനർലേലം ചെയ്യുന്നതിന് തീരുമാനിച്ചിരിക്കുന്നു. പരസ്യലേലത്തിനു പുറമെ സീൽ ചെയ്ത ക്വട്ടേഷനുകളും സ്വീകരിക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് അനുസൃതമായി ലേലത്തിൽ പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

**വ്യവസ്ഥകൾ**

1) ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന സ്ഥാപനങ്ങൾ/വ്യക്തികൾ ലേല സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും, ലേലം തുടങ്ങുന്നതിനു ഒരു മണിക്കൂർ മുൻപായി നിരതദ്രവ്യമായി 2500/-രൂപ കെട്ടിവച്ച് ലേലത്തിൽ പങ്കു കൊള്ളേണ്ടതാണ്.
2) കൂടാതെ സീൽ ചെയ്ത ക്വട്ടേഷനുകൾ നേരിട്ടോ തപാൽ മാർഗമോ നിശ്ചിത നിരതദ്രവ്യമായ തുക അടച്ച രസീതോടുകൂടി 17/09/2018 നു വൈകുന്നേരം 5 മണിക്ക് മുൻപ് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ മുൻപാകെ സമർപ്പിക്കേണ്ടതാണ്.
3) ക്വട്ടേഷൻ കവറിനു പുറത്ത് പുനർ ലേല പരസ്യ നമ്പർ ഉൾപ്പെടെ ''കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പഴയ കെട്ടിടം ലേലം ചെയ്തു വാങ്ങുന്നതിനുള്ള ക്വട്ടേഷൻ'' എന്നു വ്യക്തമായി എഴുതേണ്ടതാണ്.
4) ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളവരെല്ലാം ലേല സമയത്ത് ഹാജരാകേണ്ടതാണ്.
5) പരസ്യ ലേലം കഴിഞ്ഞാൽ ഉടനെ ക്വട്ടേഷൻ തുറക്കുന്നതും കൂടിയ തുകയ്ക്ക് ലേലം കൊണ്ടയാൾക്ക് ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തി നൽകുന്നതും ആണ്.
6) ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തി കിട്ടിയ വ്യക്തി/സ്ഥാപനം ലേല തുകയുടെ പകുതി (നികുതി ഉൾപ്പെടെ) ലേല സ്ഥലത്ത് വച്ച് തന്നെ ഇൻസ്റ്റിറ്റ്യൂട്ട് ക്യാഷ് കൗണ്ടറിൽ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്.
7) ലേലം സ്ഥിരപ്പെടുത്തിയതായുള്ള അറിയിപ്പ് ലഭിച്ചു കഴിഞ്ഞാൽ പത്തു ദിവസത്തിനകം മുഴുവൻ തുകയും അടച്ച് ലേലം കൈക്കൊണ്ടയാൾ എത്രയും പെട്ടന്ന് തന്നെ സ്വന്തം ചെലവിൽ കെട്ടിടങ്ങൾ പൊളിച്ച് നീക്കം ചെയ്യേണ്ടതാണ്.
8) ഏതെങ്കിലും കാരണവശാൽ ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ

ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് മുതൽ കൂട്ടുന്നതും ടി കെട്ടിടങ്ങൾ പുനർ ലേലം ചെയ്യുന്നതും ആയിരിക്കും.

9) പുനർ ലേലത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിനുണ്ടാകുന്ന നഷ്ടം മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലഭിക്കുന്ന തുകയ്ക്ക് മുൻ ലേലക്കാരന് യാതൊരുവിധ അവകാശമോ അർഹതയോ ഉണ്ടായിരിക്കുന്നതല്ല.

10) ലേലം നിശ്ചയിച്ചിരിക്കുന്ന കെട്ടിടങ്ങൾ ലേല തീയതിയ്ക്ക് മുൻപുള്ള പ്രവൃത്തി ദിനങ്ങളിൽ മേലധികാരികളുടെ അനുമതിയോടു കൂടി പരിശോധിക്കാവുന്നതാണ്.

11) യാതൊരു മുന്നറിയിപ്പോ കാരണമോ കൂടാതെ ലേലം നിർത്തി വയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനും ലേല നടപടിക്രമങ്ങൾ റദ്ദു ചെയ്യുന്നതിനുമുള്ള അധികാരം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

12) ലേലം സംബന്ധിച്ച എല്ലാ സർക്കാർ വ്യവസ്ഥകളും ലേലത്തിന് ബാധകമായിരിക്കും.

**പ്രൊഫ: വി. കാർത്തികേയൻ നായർ**
**ഡയറക്ടർ**

പകർപ്പ്: കാഷ്യർ(നിരതദ്രവ്യം സ്വീകരിക്കുന്നതിനായി)/
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് (നോട്ടീസ് ബോർഡ്)/
വി.എം.പി. (നോട്ടീസ് ബോർഡ്)/കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വെബ് സൈറ്റ്/
പി.ഡബ്ല്യൂ.ഡി(നോട്ടീസ് ബോർഡ്)/കേരള വാട്ടർ അതോറിറ്റി,വെള്ളയമ്പലം
(നോട്ടീസ് ബോർഡ്)/കോർപ്പറേഷൻ ഓഫീസ്, തിരുവനന്തപുരം (നോട്ടീസ് ബോർഡ്)/
വില്ലേജ് ഓഫീസ്, കവടിയാർ (നോട്ടീസ് ബേർഡ്)